(എ) ഇന്ത്യൻ വനമേഖലയിലെ ചൂരൽക്കാടുകൾ കയ്യടക്കാൻ ലോകബാങ്ക് പദ്ധതി തയ്യാറാക്കുന്നതായും, കേരള വനമേഖലയിലെ മുള, ചൂരൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരമാണ് ഇതിനുള്ള സാഹചര്യമൊരുക്കിയതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന കാടുകളുടെ ജൈവവൈവിദ്ധ്യം നിലനിർത്തുന്നതിന് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള സംരക്ഷണനടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) യു.എൻ.ഡി.പി. പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ വനമേഖല ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) മുള, ചൂരൽ എന്നിവ ഉപയോഗിച്ച് വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നത് വഴി കൂടുതൽ തൊഴിലവസരം ലഭിക്കുമെന്ന് യു.എൻ.ഡി.പി.യുടെ ഒരു പഠനറിപ്പോർട്ടിൽ പറയുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സംരക്ഷണ നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തലാക്കിയിട്ടുണ്ട്.

(2) വന്യജീവി സങ്കേതങ്ങളും ദേശീയ ഉദ്യാനങ്ങളും ഉൾക്കൊള്ളുന്ന സംരക്ഷിതമേഖലകൾ രൂപീകരിച്ചു.

(3) ബയോസ്ഫിയർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(4) പ്രോജക്ട് ടൈഗർ എന്ന കടുവ സംരക്ഷണ പദ്ധതി തേക്കടി വന്യജീവി സങ്കേതത്തിൽ ആരംഭിച്ചു.

(5) എലിഫന്റ് റിസർവുകൾ രൂപീകരിച്ച് പ്രോജക്ട് എലിഫന്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(6) ഇന്ത്യാ എക്കോ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

(7) ലോകബാങ്ക് സഹായത്തോടെ കേരളാ ഫോറസ്ട്രി പ്രോജക്ട് നടപ്പിലാക്കി വരുന്നു.

(ഡി) സംസ്ഥാനത്ത് യു.എൻ.ഡി.പി. പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തെപ്പറ്റി തീരുമാനിച്ചിട്ടില്ല.

6 (*66) നെല്ല് സംസ്കരണ ശാലകൾ

ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമയിൽ പുതുതായി നെല്ല് സംസ്കരണശാലകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്കരണശാലകൾ മുടങ്ങാതെ പ്രവർത്തിക്കാൻ ആവശ്യമായ നെല്ലിന്റെ അളവിനെക്കുറിച്ചും അനുബന്ധമായി ആരംഭിക്കാവുന്ന വ്യവസായങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) തദ്ദേശീയമായി ഈ ആവശ്യത്തിന് ലഭ്യമാക്കാവുന്ന നെല്ലിന്റെ അളവിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സംസ്കരണശാലകൾ സ്ഥാപിക്കുന്ന പ്രദേശങ്ങളിൽ അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉയർത്തുന്നതിന് നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥയിൽ 3 നെല്ല് സംസ്കരണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്.

(ബി) കോട്ടയം ജില്ലയിലെ വെച്ചൂർ, ആലപ്പുഴ ജില്ലയിലെ തകഴി, പാലക്കാട് ജില്ലയിലെ ആലത്തൂർ എന്നിവിടങ്ങളിലാണ് നെല്ല് സംസ്കരണശാലകൾ സ്ഥാപിക്കുന്നത്.

(സി) & (ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നെൽക്കൃഷി വികസന ഏജൻസികൾ വഴി നെല്ലുല്പാദനം പരമാവധി ഉയർത്തുന്നതിനും ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഗുണകരമായി പുനരുജ്ജീവിപ്പിക്കുന്നതുവഴി നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

7 (*67) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ മേഖലയിൽ യന്ത്രവൽക്കരണം ഊർജ്ജിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നെൽക്കൃഷിക്കാർക്ക് സംയോജിത വിത്ത് വിതരണ പദ്ധതി നടപ്പാക്കുമോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൃഷിക്കാർക്ക് ഗുണമേൻമയുള്ള വിത്ത് നൽകുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly